**ചരമോപചാരം**

എം. ചന്ദ്രൻ, ഡോ. എം. എ. കുട്ടപ്പൻ, പ്രൊഫ. എം. നബീസ ഉമ്മാൾ എന്നിവരുടെ നിര്യാണം

മി. സ്പീക്കർ: മുൻ നിയമസഭാംഗം എം. ചന്ദ്രൻ 2023 മേയ് 1-നും മുൻ മന്ത്രി ഡോ. എം. എ. കുട്ടപ്പൻ 2023 ജൂൺ 20-നും മുൻ നിയമസഭാംഗം പ്രൊഫ. എം. നബീസ ഉമ്മാൾ മേയ് 6-നും അന്തരിച്ചു.

**എം. ചന്ദ്രൻ**

പാലക്കാട് ജില്ലയിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ പ്രധാന പങ്ക് വഹിച്ച സി.പി.ഐ.(എം) നേതാവും മുൻ എം.എൽ.എ.-യുമായ എം. ചന്ദ്രൻ 2023 മേയ് മാസം 1-ാം തീയതി അന്തരിച്ചു. ആനക്കര ചേക്കോട്ട് മലപ്പുറത്ത് എം. കൃഷ്ണന്റെയും കെ. പി. അമ്മുക്കുട്ടിയുടെയും മകനായി 1946 ജൂലൈ 15-ന് അദ്ദേഹം ജനിച്ചു. വിദ്യാർത്ഥി പ്രസ്ഥാനമായ കെ.എസ്.വൈ.എഫ്.-ലൂടെ പൊതുരംഗത്തുവന്ന എം. ചന്ദ്രൻ കെ.എസ്.വൈ.എഫ്-ന്റെ അഭിഭക്ത പട്ടാമ്പി ലോക്കൽ കമ്മിറ്റി അംഗമായും താലൂക്ക് കമ്മിറ്റി അംഗമായും തുടർന്നു. സി.പി.ഐ.(എം) കപ്പൂർ ലോക്കൽ കമ്മിറ്റി സെക്രട്ടറിയായും തൃത്താല ഏര്യാ കമ്മിറ്റിയുടെ ആദ്യ സെക്രട്ടറിയായും പ്രവർത്തിച്ചു. അടിയന്തരാവസ്ഥകാലത്ത് അദ്ദേഹം ഒരു

മാസം ജയിൽവാസം അനുഭവിച്ചു. 1979-87 വരെ കപ്പൂർ പഞ്ചായത്ത് പ്രസിഡന്റായിരുന്ന എം. ചന്ദ്രൻ തുടർന്ന് പതിനൊന്ന് വർഷം സി.പി.ഐ.(എം) പാലക്കാട് ജില്ലാ സെക്രട്ടറിയായും 1998 മുതൽ 2006 വരെ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗമായും പ്രവർത്തിച്ചു. 2006 മുതൽ 2016 വരെ പന്ത്രണ്ടും പതിമൂന്നും നിയമസഭകളിൽ ആലത്തൂർ മണ്ഡലത്തെ പ്രതിനിധാനം ചെയ്തു. 2006-ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്തെ ഏറ്റവും ഉയർന്ന ഭൂരിപക്ഷത്തോടെയാണ് അദ്ദേഹം വിജയിച്ചത്. ജില്ലയിൽ തൊഴിലാളി പ്രസ്ഥാനവും കർഷക പ്രസ്ഥാനവും ശക്തിപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ച എം. ചന്ദ്രൻ കർഷക സംഘം ജില്ലാ സെക്രട്ടറി, സി.ഐ.ടി.യു. സംസ്ഥാന സെക്രട്ടറി എന്നീ ചുമതലകളും വഹിച്ചിട്ടുണ്ട്. നിയമസഭാ സാമാജികനായിരിക്കെ ട്രേഡ് യൂണിയൻ നേതാവെന്ന നിലയിൽ തൊഴിലാളികളുടെ പ്രശ്നങ്ങൾ ഏറ്റെടുത്ത് പരിഹരിക്കുന്നതിന് നിതാന്ത ശ്രദ്ധ കാണിച്ച അദ്ദേഹം ചുമട്ടുതൊഴിലാളികളുടെ കൂലി വർദ്ധനവിലും കർഷകരുടെ പ്രശ്നങ്ങൾ നിയമസഭയിൽ അവതരിപ്പിക്കുന്നതിലും ബദ്ധശ്രദ്ധനായിരുന്നു. മികച്ച നിയമസഭാംഗമായി പേരെടുത്ത അദ്ദേഹത്തിന്റെ സഭയിലെ സജീവമായ

ഇടപെടൽ ജനകീയാവശ്യങ്ങൾ സഭാതലത്തിൽ പ്രതിധ്വനിക്കപ്പെടുന്നതിനും നിയമനിർമ്മാണ പ്രക്രിയ കൂടുതൽ സജീവമാക്കുന്നതിനും സഹായിച്ചു. മനുഷ്യ സ്നേഹിയും പരിശ്രമശാലിയുമായ എം. ചന്ദ്രന്റെ വിയോഗം പൊതുമണ്ഡലത്തിലും പുരോഗമന പ്രസ്ഥാനങ്ങൾക്കും തീരാ നഷ്ടമാണ്.

**ഡോ. എം. എ. കുട്ടപ്പൻ**

മുൻ മന്ത്രിയും മുതിർന്ന കോൺഗ്രസ്സ് നേതാവുമായിരുന്ന ഡോ. എം. എ. കുട്ടപ്പൻ 2023 ജൂൺ 20-ന് അന്തരിച്ചു. അയ്യപ്പൻ-കല്യാണി ദമ്പതികളുടെ മകനായി 1947 ഏപ്രിൽ 12-ന് ജനിച്ച അദ്ദേഹം കോട്ടയം മെഡിക്കൽ കോളേജിൽ നിന്ന് എം.ബി.ബി.എസ്. പസ്സായശേഷം അലപ്പുഴ മെഡിക്കൽ കോളേജ് ട്യൂട്ടറായി സേവനമനുഷ്ഠിച്ചു. തുടർന്ന് എം.എസ്. പഠനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്തെത്തിയ അദ്ദേഹം നിരന്തര രാഷ്ട്രീയ പ്രവർത്തനത്തിലൂടെ തികഞ്ഞ കോൺഗ്രസ്സുകാരനായി മാറി. എം.എസ്. പഠനത്തിനുശേഷം മട്ടാഞ്ചേരിയിൽ ജോലി ചെയ്യുമ്പോഴാണ് 1980-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ വണ്ടൂരിൽ നിന്നും മത്സരിക്കാൻ അദ്ദേഹത്തിന് അവസരം ലഭിക്കുന്നത്. സർക്കാർ ജോലി രാജിവച്ച് തെരഞ്ഞെടുപ്പിന് ഇറങ്ങി കന്നി മത്സരത്തിൽത്തന്നെ വിജയിച്ച അദ്ദേഹം മുപ്പത്തിമൂന്നാമത്തെ

വയസ്സിൽ നിയമസഭാംഗമായി. പിന്നീട് കൊച്ചിൻ പോർട്ട് ആശുപത്രിയിൽ മെഡിക്കൽ ഓഫീസറായി സേവനമനുഷ്ഠിച്ചുവരവെ 1987-ൽ ചേലക്കരയിൽ നിന്നും 1996-ലും 2001-ലും ഞാറയ്ക്കൽ നിന്നുമായി നാലുതവണ നിയമസഭാംഗമായി. 2001-2004-ലെ ശ്രീ. എ. കെ. ആന്റണി മന്ത്രി സഭയിൽ പിന്നോക്ക വിഭാഗ പട്ടികജാതി-പട്ടികവർഗ്ഗ യുവജനക്ഷേമ വകുപ്പുമന്ത്രിയുമായും അദ്ദേഹം പ്രവർത്തിച്ചു. കോൺഗ്രസ്സ് ലജിസ്ലേച്ചർ പാർട്ടി വിപ്പ്, കെ.പി.സി.സി. സെക്രട്ടറി, ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ അംഗം, കോഴിക്കോട് സർവ്വകലാശാല സെനറ്റ് അംഗം, കെ.പി.സി.സി. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, എസ്.സി./എസ്.ടി. സെൽ ചെയർമാൻ എന്നീ നിലകളിലും അദ്ദേഹം മികച്ച പ്രവർത്തനം കാഴ്ചവച്ചിരുന്നു. ഒരു ഡോക്ടറായി ജീവിച്ചാൽ ജോലി ഒരു ആശുപത്രിയിലൊതുങ്ങും പൊതുപ്രവർത്തകനായാൽ സേവനം നാടിന് മുഴുവൻ പ്രയോജനപ്പെടുമെന്നതായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. നിസ്വാർത്ഥ സേവനവും ലാളിത്യവും കൈമുതലാക്കിയ ഒരു മികച്ച പൊതുപ്രവർത്തകനെയാണ് ഡോ. എം. എ. കുട്ടപ്പന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

**പ്രൊഫ. എ. നബീസ ഉമ്മാൾ**

മുൻ എം.എൽ.എ.-യും പ്രഭാഷകയും എഴുത്തുകാരിയുമായിരുന്ന പ്രൊഫ. എ. നബീസ ഉമ്മാൾ 2023 മേയ് 26-ന് അന്തരിച്ചു. ആറ്റിങ്ങൽ കല്ലൻവിള വീട്ടിൽ ഖാദർ മൊയ്തീന്റെയും അസ്സൻ ഉമ്മാളുടെയും അഞ്ച് മക്കളിൽ ഇളയവളായി 1931 ജൂൺ 3-നാണ് നബീസ ഉമ്മാൾ ജനിച്ചത്. ആറ്റിങ്ങൽ സർക്കാർ സ്കൂൾ, തിരുവനന്തപുരം വിമൻസ് കോളേജ്, യൂണിവേഴ്സിറ്റി കോളേജ് എന്നിവിടങ്ങളിലായിരുന്നു പഠനം. തുടർന്ന് 33 വർഷത്തെ അധ്യാപനത്തിനിടയിൽ കേരളത്തിലെ പത്തിലേറെ പ്രമുഖ കലാലയങ്ങളിൽ അധ്യാപികയായിരുന്നു പ്രൊഫ. എ. നബീസ ഉമ്മാൾ. 1986-ൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ പ്രിൻസിപ്പലായിരിക്കെയാണ് സർവ്വീസിൽ നിന്നും വിരമിച്ചത്. കേരളത്തിൽ മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടിയ ആദ്യ മുസ്ലീം വനിതയും യൂണിവേഴ്സിറ്റി കോളേജ് പ്രിൻസിപ്പൽ പദവിയിലെത്തിയ ആദ്യ മലയാള അധ്യാപികയുമായിരുന്നു പ്രൊഫ. എ. നബീസ ഉമ്മാൾ. തിരുവനന്തപുരത്തിന്റെ സാംസ്കാരിക മേഖലയിൽ സവിശേഷ ശ്രദ്ധ നേടിയ പ്രൊഫ. എ. നബീസ ഉമ്മാൾ വിരമിച്ചതിനുശേഷം ഇ.എം.എസ്-ന്റെ

ക്ഷണമനുസരിച്ച് രാഷ്ട്രീയത്തിലേയ്ക്ക് കടന്നുവരികയും 1987-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ കഴക്കൂട്ടത്ത് നിന്ന് തെരഞ്ഞെടുക്കപ്പെട്ട് 8-ാം കേരള നിയമസഭയിൽ അംഗമാകുകയും ചെയ്തു. 1995 മുതൽ 2000 വരെ നെടുമങ്ങാട് നഗരസഭയുടെ ആദ്യത്തെ വനിതാ ചെയർ പേഴ്സണായിരുന്നു. ആ കാലത്താണ് ജനകീയാസൂത്രണ പദ്ധതി നെടുമങ്ങാട് നഗരസഭയിൽ നടപ്പിലാക്കിയത്. 2000-ൽ സ്ത്രീ ശാക്തീകരണത്തിനുള്ള കേന്ദ്ര സർക്കാർ പുരസ്കാരം ലഭിച്ചിട്ടുണ്ട്. പ്രൊഫ. എ. നബീസ ഉമ്മാളിന്റെ മരണത്തിലൂടെ രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ച മനുഷ്യ സ്നേഹിയായ ഒരു നേതാവിനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

(അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)